പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 143

# 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 143

# 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

2064/2012.

# 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 28എ വകുപ്പിന്റെ ഭേദഗതി.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 28എ വകുപ്പിലെ (4)-ാം ഉപവകുപ്പിൽ,—

(എ) "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "ഒരു വർഷത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) നിലവിലുള്ള വ്യവസ്ഥയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നിരുന്നാലും, മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കാൻ അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം മേൽപ്പറഞ്ഞ ഒരുവർഷത്തെ കാലയളവിനുശേഷം സമർപ്പിക്കുന്ന ഒരു അപ്പീൽ അദ്ദേഹത്തിന് സ്വീകരിക്കാവുന്നതാണ്.".

3. സാധൂകരണം.—പ്രധാന ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2010 ഏപ്രിൽ 1-ാം തീയതിയും അന്നുമുതൽ 2010-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് (2010-ലെ 54) പ്രസിദ്ധപ്പെടുത്തിയ 2010 ഒക്ടോബർ 25-ാം തീയതിവരെയുള്ള കാലയളവിലും, പ്രധാന ആക്റ്റിലെ

28എ വകുപ്പിന്റെ (4)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആൾ ഫയൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എല്ലാ അപ്പീലുകളും അത്തരം അപ്പീലുമായി ബന്ധപ്പെട്ട് ഏതെങ്കിലും അധികാരസ്ഥാനം ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാതെ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ അല്ലെങ്കിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്ന ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ സാധുവായി ഫയൽ ചെയ്യപ്പെട്ടതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് (2012-ലെ 47) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഭൂമി ഉൾപ്പെടുന്ന കരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്രവില നിർണ്ണയിക്കുന്നതിനായി, തന്റെ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന ഭൂമിക്ക് ന്യായവില നിജപ്പെടുത്താനായി 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിലെ (1959-ലെ 17) 28എ വകുപ്പ് (1)-ാം ഉപവകുപ്പ്, റവന്യൂ ഡിവിഷണൽ ഓഫീസറെ അധികാരപ്പെടുത്തുന്നുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ഇരുപത്തി ഒന്ന് റവന്യൂ ഡിവിഷണൽ ഓഫീസർമാർ സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില നിജപ്പെടുത്തുകയും ആവശ്യമായ വിജ്ഞാപനം 2010 മാർച്ച് 6-ാം തീയതിയിലെ 515-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2. പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, (1)-ാം ഉപവകുപ്പനുസരിച്ച് ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ള ഏതൊരാൾക്കും (3)-ാം ഉപവകുപ്പിന്റെ കീഴിൽ അത് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനകം കളക്ടർക്ക് അപ്പീൽ ഫയൽ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഭൂമിയുടെ ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ളവർക്ക് അപ്പീൽ കൊടുക്കുവാൻ കൂടുതൽ സമയം അനുവദിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടതിനാൽ 28എ വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി പ്രസ്തുത വ്യവസ്ഥയിൽ ഒരു ഭേദഗതി വരുത്തിക്കൊണ്ട് മുപ്പതു ദിവസത്തിൽ നിന്നും തൊണ്ണൂറ് ദിവസമായി ദീർഘിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. ഭൂമിയുടെ ന്യായവില നിജപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം 2010 മാർച്ച് 6-ാം തീയതി പ്രസിദ്ധപ്പെടുത്തിയതിനാൽ പ്രസ്തുത ഭേദഗതിക്ക് 2010 ഏപ്രിൽ 1-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകേണ്ടത് ആവശ്യമാണെന്നും സർക്കാർ കരുതുന്നു.

3. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻപ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2010-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2010 മേയ് 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 മേയ് 27-ാം തീയതിയിലെ 1223-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010-ലെ 20-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2010 ജൂൺ 28-ാം തീയതി ആരംഭിച്ച് 2010 ജൂലൈ 29-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല. അതിനാൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2010-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2010 ആഗസ്റ്റ് 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ആഗസ്റ്റ് 8-ാം തീയതിയിലെ 1819-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010-ലെ 39-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. ഭൂമിയുടെ ന്യായവില നിജപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം 2010 മാർച്ച് 6-ാം തീയതി പ്രസിദ്ധീകരിച്ചതിനാൽ, 2010-ലെ 39-ാം നമ്പർ ഓർഡിനൻസ് മുഖേന ദീർഘിപ്പിച്ച അപ്പീൽ കാലാവധി 2010 ജൂൺ 4-ന് അവസാനിച്ചു. സർക്കാർ ഇക്കാര്യം വീണ്ടും വിശദമായി പരിശോധിക്കുകയും അപ്പീൽ നൽകാനുള്ള സമയപരിധി ഭൂമിയുടെ ന്യായവില നിജപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു വർഷത്തേക്ക് വീണ്ടും ദീർഘിപ്പിക്കേണ്ടതും നിർദ്ദിഷ്ട കാലയളവിനുള്ളിൽ അപ്പീൽ നൽകാതിരിക്കാൻ അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം ഒരു വർഷത്തെ കാലയളവിനുശേഷം സമർപ്പിക്കുന്ന അപ്പീലും സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് അധികാരം നൽകേണ്ടതും ആവശ്യമാണെന്നും കാണുകയുണ്ടായി.

6. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻപ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2010-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് (2010-ലെ 39) റദ്ദാക്കിക്കൊണ്ടും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് 2010 ഏപ്രിൽ 1-ാം തീയതി മുൻകാല പ്രാബല്യം നൽകിക്കൊണ്ടും, ഇക്കാലയളവിനുള്ളിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എല്ലാ നടപടികളും സാധൂകരിച്ചുകൊണ്ടും 2010-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2010 ഒക്ടോബർ 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ഒക്ടോബർ 25-ാം തീയതിയിലെ 2357-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010-ലെ 54-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2010-ലെ 54-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല. ആയതിനാൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2011 ജനുവരി 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 ജനുവരി 23-ാം തീയതിയിലെ 151-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011-ലെ 5-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2011-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസിനു (2011-ലെ 5) പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2011 ഫെബ്രുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല. ആയതിനാൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 മാർച്ച് 18-ാം തീയതിയിലെ 654-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011-ലെ 30-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2011 ജൂൺ 1-ാം തീയതി ആരംഭിച്ച് 2011 ജൂലൈ 20-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല.

10. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു ഓർഡിനൻസ്, നിയമസഭ വീണ്ടും സമ്മേളിച്ച് ആറ് ആഴ്ചകൾക്കുശേഷം പ്രാബല്യമില്ലാതായിത്തീരുന്നതാണ്. അതനുസരിച്ച് പ്രസ്തുത ഓർഡിനൻസിന് 2011 ജൂലൈ 13-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു.

11. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ വീണ്ടും നിലനിർത്തുന്നതിനും 2011-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് (2011-ലെ 30) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യവും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയും 2010 ഏപ്രിൽ 1-ാം തീയതി മുതൽ 2010 ഒക്ടോബർ 25-ാം തീയതിവരെയുള്ള കാലയളവിൽ പ്രധാന ആക്റ്റിലെ 28എ വകുപ്പിന്റെ (4)-ാം ഉപവകുപ്പിൻകീഴിൽ

ഏതെങ്കിലും ആൾ അപ്പീൽ ഫയൽ ചെയ്യുകയും അതിനോടനുബന്ധിച്ച് ഏതെങ്കിലും അധികാരസ്ഥാനം തുടർനടപടി എടുക്കുകയും ചെയ്തിട്ടുള്ള കാര്യത്തിലും 2011-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസിന് (2011-ലെ 30) പ്രാബല്യമില്ലാതായിത്തീർന്ന തിനുശേഷം ചെയ്ത ഏതെങ്കിലും കാര്യവും എടുത്ത ഏതെങ്കിലും നടപടിയും സാധൂകരിക്കുന്നതിനുവേണ്ടി 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2012 ജനുവരി 16-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012 ജനുവരി 17-ാം തീയതിയിലെ 113-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 2-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

12. 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസിനു (2012-ലെ 2) പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല. ആയതിനാൽ, പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012 ഏപ്രിൽ 11-ാം തീയതിയിലെ 730-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 28-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

13. 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസിനു (2012-ലെ 28) പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 98-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പി ക്കുവാനോ പാസാക്കുവാനോ കഴിഞ്ഞില്ല.

14. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു ഓർഡിനൻസ്, നിയമസഭ വീണ്ടും സമ്മേളിച്ച് ആറ് ആഴ്ചകൾക്കുശേഷം പ്രാബല്യമില്ലാതായിത്തീരുന്നതാണ്. അതനുസരിച്ച് പ്രസ്തുത ഓർഡിനൻസിന് 2012 ജൂലൈ 23-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു.

15. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ വീണ്ടും നിലനിർത്തുന്നതിനും 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ് (2012-ലെ 28) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യവും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയും, മേൽപ്പറഞ്ഞ ഓർഡിനൻസ് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷം ചെയ്ത ഏതെങ്കിലും കാര്യവും എടുത്ത ഏതെങ്കിലും നടപടിയും സാധൂകരിക്കുന്നതിനും വേണ്ടി 2012-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ്, 2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 1702-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 47-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

16. 2012-ലെ 47-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

അനൂപ് ജേക്കബ്.

(ശരിത്തർജ്ജമ)

## 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

28(എ). ഭൂമിയുടെ ന്യായവില നിജപ്പെടുത്തൽ.—(1) ഭൂമി ഉൾപ്പെട്ട കരണങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ ചുമത്തേണ്ട മുദ്രവില നിർണ്ണയിക്കുന്ന ആവശ്യത്തിലേക്ക് റവന്യൂ ഡിവിഷണൽ ഓഫീസർ, തന്റെ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന ഭൂമിക്ക്, ഇതിലേക്കായി സർക്കാർ ഉണ്ടാക്കിയേക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, ന്യായവില നിജപ്പെടുത്തേണ്ടതാണ്.

(2) റവന്യൂ ഡിവിഷണൽ ഓഫീസർ (1)-ാം ഉപവകുപ്പുപ്രകാരം ഭൂമിയുടെ ന്യായവില നിജപ്പെടുത്തുമ്പോൾ മറ്റു സംഗതികളുടെ കൂട്ടത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതാണ്, അതായത് :—

(എ) വാണിജ്യപരമായ പ്രാധാന്യം, ജലവിതരണം, വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം എന്നിവയ്ക്കുള്ള സൗകര്യം എന്നിവപോലെയുള്ള ആ പ്രദേശത്തിന്റെ വികസനം ;

(ബി) മാർക്കറ്റുകൾ, ബസ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയോടുള്ള സാമീപ്യം;

(സി) സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭൂമിയുടെ സ്വഭാവം അതായത് പുരയിടമോ, തരിശോ, നീർത്തടമോ, തോട്ടമോ എന്നതും, ഫലപുഷ്ടി, വിളകളുടെ സ്വഭാവം, ഉൽപ്പാദനശേഷി, കൃഷിച്ചെലവ് എന്നിവയും;

(ഡി) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിച്ചേക്കാവുന്ന മറ്റു കാര്യങ്ങളും.

(3) (1)-ാം ഉപവകുപ്പുപ്രകാരം നിജപ്പെടുത്തിയ ഭൂമിയുടെ ന്യായവില, ഈ ആക്റ്റിന്റെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പുപ്രകാരം ന്യായവില നിജപ്പെടുത്തിയതിൽ പരാതിയുള്ള ഏതൊരാൾക്കും (3)-ാം ഉപവകുപ്പിന്റെ കീഴിൽ അത് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനകം കളക്ടർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

** ** ** **